

TUESDAY 06/08/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/08/2024

1. കൃഷി വകുപ്പിന്റെ' അഗ്രികൾചറൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എയിംസ്) പോർട്ടലിൽ ലോഗിൻ ചെയ്യാൻ യൂസർ ഐഡി, പാസ്‌വേഡ് എന്നിവയ്ക്ക് പുറമേ മൊബൈൽ ഫോണിൽ ലഭിക്കുന്ന ഒ ടി പി കൂടി നിർബന്ധമാക്കി. കൂടുതൽ വിവരങ്ങൾക്ക് 0471 2303990 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. ദേശീയ ക്വാളിറ്റി കൗൺസിലിന് കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറീസ് ഗവൺമെന്റ് മേഖലയിലുള്ള മണ്ണ് പരിശോധന ലബോറട്ടറികളിലെ പരിശോധന ഫലത്തിന്റെ കൃത്യതയ്ക്കും വിശ്വാസ്യതയ്ക്കും നൽകുന്ന ദേശീയ തലത്തിലെ ആദ്യ എൻ എ ബി എൽ അംഗീകാരം സംസ്ഥാന മണ്ണു പര്യവേഷണ മണ്ണു സംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ,സോയിൽ സർവ്വേ മേഖലാ മണ്ണ് പരിശോധന ലബോറട്ടറിക്ക് ലഭിച്ചു.ഈ നേട്ടം കൈവരിക്കുന്ന രാജ്യത്തെ ആദ്യ ലബോറട്ടറിയാണ് ഇത്.വിളകളുടെ ഉത്പാദന ക്ഷമത വർധിപ്പിക്കുന്നതിൽ നിർണ്ണായകമായ മണ്ണിന്റെ അമ്ലത, വൈദ്യുതി ചാലകത, ജൈവ കാർബൺ, മണ്ണിൽ ലഭ്യമായ ഫോസ്ഫറസ്, പൊട്ടാസ്യം, സൾഫർ, ബോറോൺ, ഇരുമ്പ്, ചെമ്പ്, മാംഗനീസ്, സിങ്ക് എന്നീ 11 ഘടകങ്ങളുടെ പരിശോധനയ്ക്കാണ് നിലവിൽ ലബോറട്ടറിക്ക് ഈ അംഗീകാരം ലഭിച്ചത്. കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് ഓരോ വിളകൾക്കും ആവശ്യമായ കുമ്മായം, ജൈവവളം ഉൾപ്പെടെയുള്ള വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണ് ആരോഗ്യ കാർഡ് സമയബന്ധിതമായി നൽകി വരുന്നു. മണ്ണു പരിശോധനക്ക് നിർദിഷ്ട ഫീസ് ഈടാക്കുന്നതാണ്.താല്പര്യമുള്ള കർഷകർ തണലത്തിട്ടു ഉണക്കിയ കുറഞ്ഞത് അര കിലോഗ്രാം ഭാരമുള്ള മണ്ണ് സാംപിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04772236294 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. എറണാകുളം ജില്ലയിലെ കരുമാല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ തട്ടാംപടി സെന്റ്. തോമസ് ചർച്ച് ഹാളിൽ വച്ച് 07.08.2024 ബുധനാഴ്ച രാവിലെ 9.30ന് 'കൃഷിക്കൊപ്പം കളമശ്ശേരി' പദ്ധതിയുടെ ഭാഗമായി കളമശ്ശേരി മണ്ഡലത്തിലെ നെൽകർഷക സംഘമവും, കാർഷിക സെമിനാറും മുൻ കൃഷി വകുപ്പ് മന്ത്രി വി. എസ് സുനിൽകുമാർ ഉദ്ഘാടനം നിർവ്വഹിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ നെൽകൃഷി ചെയ്യുന്നതിനും, ഉൽപാദിപ്പിച്ച നെല്ല് ഉപയോഗിച്ച് മറ്റ് മുല്ല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി, നെൽകൃഷി ലാഭകരമാക്കിമാറ്റിയ കണ്ണൂർ ജില്ലയിലെ മയ്യിൽ FPO മാനേജിങ്ങ് ഡയറക്ടർ ആയ ശ്രീ. T K ബാലകൃഷ്ണൻ കർഷകർക്ക് ക്ലാസെടുക്കുന്നതാണ്.

4. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാംഘട്ടത്തിന്റെയും ചർമ്മമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും വാക്സിനേഷൻ ക്യാമ്പെയ്ൻ ആഗസ്റ്റ് മാസം 5-ാം തീയതി മുതൽ ഉള്ള 30 പ്രവർത്തി ദിവസങ്ങളിലായി നടന്നുവരുന്നു. മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള വാക്സിനേഷൻ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തുന്നതാണ്.

5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷിയിടധിഷ്ഠിത ഫാം പ്ലാൻ കർഷക കൂട്ടായ്മ സംരംഭം (NAFPO) ആത്മ, എറണാകുളം സംഘടിപ്പിക്കുന്ന ലോഗോ പ്രകാശനവും പ്രൊഡക്റ്റ് ലോഞ്ചിങ്ങും 2024 ഓഗസ്റ്റ് 7 ബുധനാഴ്ച രാവിലെ 10 മണിയ്ക്ക് പാറക്കടവ് ബ്ളോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് നിർവ്വഹിക്കുന്നു. ലോഗോ പ്രകാശനം ആലങ്ങാട് ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട് നിർവ്വഹിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണകേന്ദ്രത്തിൽ സംരംഭകത്വത്തിനായി 'കൂൺകൃഷി' എന്ന വിഷയത്തിൽ ഈ മാസം 12ന് ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. 500 രൂപയാണ് റജിസ്ട്രേഷൻ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർവകലാശാലയുടെ സർട്ടിഫിക്കറ്റ് ലഭിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. താല്പര്യമുള്ളവർ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുക; കൂടുതൽ വിവരങ്ങൾക്ക് 9446104347, 9645219270 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

7. ക്ഷീരവികസനവകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി 12/08/2024 മുതൽ 17/08/2024 വരെ അഞ്ച് ദിവസത്തെ കർഷക പരിശീലനം നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ആഗസ്റ്റ് 13, 14 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന വിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.